സി.ജി(2) 40000/14

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി : 27/9/2014

website : www.cooperation.kerala.gov.in
e-mail : keralarcs.coop@kerala.gov.in

# സർക്കുലർ നമ്പർ 44/2014

**വിഷയം:** സഹകരണ വകുപ്പ് – മത്സ്യതൊഴിലാളി കടാശ്വാസം –സഹകണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും മത്സ്യതൊഴിലാളികൾ എടുത്ത വായ്പകൾക്ക് കടാശ്വാസം –പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ ടുവി പുറപ്പെക്കുന്നത് – സംബന്ധിച്ച്.

സൂചന: 1) 6–12–2010–ലെ സ.ഉ.(പി) 91/2010 മതുവ/നമ്പർ ഉത്തരവ്.
2) സഹകരണസംഘം രജിസ്ട്രാറുടെ 1/2011 നമ്പർ സർക്കുലർ
3) സഹകരണസംഘം രജിസ്ട്രാറുടെ 12/2011 നമ്പർ സർക്കുലർ
4) സഹകരണസംഘം രജിസ്ട്രാറുടെ 88/2011 നമ്പർ സർക്കുലർ
5) 25/04/2012–ൽ ചേർന്ന യോഗത്തിലെ തീരുമാനങ്ങൾ.
6) സഹകരണസംഘം രജിസ്ട്രാറുടെ 31/2012 നമ്പർ സർക്കുലർ
7) സഹകരണസംഘം രജിസ്ട്രാറുടെ 42/14 നമ്പർ സർക്കുലർ.

................

സഹകരണ സംഘങ്ങളിൽ/ ബാങ്കുകളിൽ നിന്നും വായ്പ എടുത്ത മത്സ്യതൊഴിലാളികൾക്ക് കേരള മത്സ്യതൊഴിലാളി കടാശ്വാസ കമ്മീഷൻ അനുവദിക്കുന്ന കടാശ്വാസം അനുവദിച്ചുകൊണ്ട് പുറപ്പെടുവിക്കുന്ന അവാർഡുകളിൽ, സർക്കാർ വിഹിതം ലഭ്യമായി കഴിഞ്ഞാൽ, മത്സ്യതൊഴിലാളികളുടെ ഈടു പ്രമാണങ്ങൾ തിരികെ നൽകേണ്ടതാണെന്ന് സൂചന (6) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നുവെങ്കിലും ടി സർക്കുലർ നിർദ്ദേശം പാലിക്കാതെ ആധാരം തിരികെ നൽകുന്നതിൽ പല സഹകരണ സംഘങ്ങളും വിമുഖതകാണിക്കുന്നതായിട്ടുള്ള പരാതികൾ ഈ ആഫീസിന്റെയും സർക്കാരിന്റെയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള സംസ്ഥാന മത്സ്യതൊഴിലാളി കടാശ്വാസ കമ്മീഷൻ ഉത്തരവ് പ്രകാരം കടാശ്വാസം അനുവദിക്കുന്ന കേസുകളിൽ ഇടപാടുകാർ അവരുടെ വിഹിതം ***അടച്ചു കഴിഞ്ഞാൽ സർക്കാർ വിഹിതം ലഭ്യമാകുന്നതുവരെ കാത്തു നിൽക്കാതെ ഈട് പ്രമാണം തിരികെ നൽകേണ്ടതാണെന്ന് വീണ്ടും നിർദ്ദേശിക്കുന്നു.*** പ്രസ്തുത നിർദ്ദേശം കർശനമായി പാലിക്കേണ്ടതാണ്. ടി നിർദ്ദേശം പാലിക്കുന്നതിൽ എന്തെങ്കിലും വീഴ്ച വരുത്തുന്ന പക്ഷം ബന്ധപ്പെട്ടവർക്കതിരെ സഹകരണ നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടി വരുമെന്നും അറിയിക്കുന്നു.

**മേൽ നിർദ്ദേശം എല്ലാ സംഘങ്ങളും/ബാങ്കുകളും കർശനമായി പാലിക്കേണ്ടതും, പാലിക്കുന്നുണ്ടെന്ന് വകുപ്പ് ഉദ്യോഗസ്ഥർ ഉറപ്പു വരുത്തേണ്ടതുമാണ്.**

**ഒപ്പ്,**
**എസ്.ലളിതാംബിക ഐ.എ.എസ്**
**സഹകരണസംഘം രജിസ്ട്രാർ**

**പകർപ്പ്:-**

1. രജിസ്ട്രാർ, ബഹുമാനപ്പെട്ട കേരള ഹൈക്കോടതി, എറണാകുളം.
2. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ & ആഡിറ്റ്) മാർക്കും
3. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക് /കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്.
4. ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക്/കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്
5. എല്ലാ ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർക്കും, ജോയിന്റ് ഡയറക്ടർ/ കൺകറന്റ് ആഡിറ്റർമാർക്കും.
6. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ & ആഡിറ്റ്) മാർക്ക്(ജോയിന്റ് രജിസ്ട്രാർ മുഖേന)
7. സെക്രട്ടറി, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ (ജോയിന്റ് രജിസ്ട്രാർ മുഖേന)
8. അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യുവേഷൻ ആഫീസർ, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്ക് (ജോയിന്റ് രജിസ്ട്രാർ മുഖേന)
9. എഡിറ്റർ, സഹകരണ വീഥി/സഹകരണ ജേർണൽ
10. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
11. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും
12. സ്റ്റോക്ക് ഫയൽ/സ്പെയർ.
13. വെബ്സൈറ്റ്